സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം (ME-1202) വിർച്വൽ-ക്യൂ സംവിധാനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുത്തേണ്ട അടിയന്തിര ക്രമീകരണങ്ങൾ - സംബന്ധിച്ച്.

നടപടി ഉത്തരവ് ആർഒസി 3730/22/ ഇ.ഡി.പി **തീയതി 27.10.2025**

പരാമർശം:-

01/10/2026 ലെ ദേവസ്വം കമ്മീഷണറുടെ ആർ.ഒ.സി. 17767/25/IT നമ്പർ റിപ്പോർട്ട്.

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം (ME-1202) വിർച്വൽ-ക്യൂ സംവിധാനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുത്തേണ്ട അടിയന്തിര ക്രമീകരണങ്ങൾ - സംബന്ധിച്ച് ഉത്തരവുണ്ടാകുന്നതിലേക്കായി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം).

പ്രസ്തുത വിഷയം ബോർഡ് വിശദമായി ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതാകുന്നു.

ഉത്തരവ്

1. ഓൺലൈൻ / സ്പോട്ട് ബുക്കിംഗ് സ്ലോട്ടുകൾ: ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ശബരിമലയുടെ ഏകദേശ carrying capacity 80,000 എന്ന പരിധി പരിഗണിച്ച്, പ്രതിദിന വിർച്വൽ ക്യൂ / സ്പോട്ട് ബുക്കിംഗ് slot capacity താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നു.

i. വണ്ടിപ്പെരിയാർ ഓൺലൈൻ ബുക്കിംഗ് per day – 3000
ii. വണ്ടിപ്പെരിയാർ സ്പോട്ട് ബുക്കിംഗ് per day – 2000
iii. എരുമേലി ഓൺലൈൻ ബുക്കിംഗ് per day – 3000
iv. എരുമേലി സ്ലോട്ട് ബുക്കിംഗ് per day – 2,000
v. പമ്പ ഓൺലൈൻ ബുക്കിംഗ് per day – 60,000
vi. നിലയ്ക്കൽ സ്പോട്ട് ബുക്കിംഗ് per day – 10,000

10 ജനുവരി 2027 വരെ (മണ്ഡല പൂജ ഒഴികെ) ഉള്ള ദിവസങ്ങളിൽ ഇപ്രകാരം സ്ലോട്ടുകൾ തുറക്കുന്നതിനും, ഈ രീതിയിൽ സ്ലോട്ടുകൾ ക്രമീകരിച്ചാലും ഭൗതിക സാഹചര്യം അനുസരിച്ച് സ്പോട്ട് ബുക്കിംഗിൽ മാറ്റം വരുത്തുന്നതിനും അനുവദിക്കുന്നു.

2. നിയന്ത്രിത വിർച്വൽ ക്യൂ ബുക്കിംഗ്: മണ്ഡല പൂജ ദിവസം, മണ്ഡല പൂജയുടെ തലേ ദിവസം, മകരവിളക്കിന് മുന്നോടിയായുള്ള ദിവസങ്ങൾ എന്നിവയിൽ നിയന്ത്രണങ്ങളോടെ വിർച്വൽ ക്യൂ തുറക്കുന്നതിനും, ആയത് എപ്രകാരം ക്രമീകരിക്കണമെന്ന് ക്രൗഡ് മാനേജ്മെന്റ് വിഭാഗവുമായി ചർച്ച ചെയ്ത് അറിയിക്കുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

3. സ്പോട്ട് ബുക്കിംഗ് സെന്ററുകളും ജീവനക്കാരും: നിലയ്ക്കൽ (15 കൗണ്ടർ), വണ്ടിപ്പെരിയാർ സത്രം (3 കൗണ്ടർ), എരുമേലി (3 കൗണ്ടർ), ചെങ്ങന്നൂർ (1 കൗണ്ടർ) എന്നിവിടങ്ങളിലായി സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനും, ഇവയുടെ പ്രവർത്തനത്തിനായി 60 ദിവസ വേതനക്കാരെയും 10 കോ-ഓർഡിനേറ്റർമാരെയും (നിലയ്ക്കൽ - 8, എരുമേലി - 1, സത്രം - 1) ചുമതലപ്പെടുത്തി മണ്ഡലകാല ആരംഭത്തിന് മുന്നോടിയായി ഡ്യൂട്ടിക്ക് ഹാജരാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

4. സ്പോട്ട് ബുക്കിംഗ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം മുൻവർഷ മാതൃകയിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള 60 ദിവസവേതനക്കാരെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

5. മേൽനോട്ട ചുമതല: വിർച്വൽ ക്യൂ നോഡൽ ഓഫീസറായി ഡിജിറ്റൈസേഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെയും, വിർച്വൽ-ക്യൂ സ്പെഷ്യൽ ഓഫീസറായി ഐ.റ്റി ഡിവിഷൻ പ്രൊജക്റ്റ് എഞ്ചിനീയറെയും ചുമതലപ്പെടുത്തുന്നു.

6. വാഹന സൗകര്യം: സ്പോട്ട് ബുക്കിംഗ് കൗണ്ടറുകളുടെ പരിശോധനയ്ക്കും തടസ്സമില്ലാത്ത മേൽനോട്ടത്തിനുമായി മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് വാഹനം അനുവദിക്കുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

7. ദിവസവേതനക്കാരുടെ ഡ്യൂട്ടി ക്രമീകരണം: നിശ്ചയിച്ചിട്ടുള്ള 60 ദിവസവേതനക്കാരെ (നിലയ്ക്കൽ - 47, എരുമേലി - 9, സത്രം - 4, ചെങ്ങന്നൂർ - 3) കൃത്യസമയത്ത് തന്നെ ഡ്യൂട്ടിക്ക് ഹാജരാകാൻ അറിയിപ്പ് നൽകുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

8. റിപ്പോർട്ടിംഗ്: ദിവസവേതനക്കാർ അതാത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർക്ക് മുന്നിലും, വണ്ടിപ്പെരിയാർ സത്രം കൗണ്ടറിലുള്ളവർ മുണ്ടക്കയം അസിസ്റ്റന്റ് കമ്മീഷണർക്ക് മുന്നിലും ഹാജരായി ജോലിയിൽ പ്രവേശിക്കാനുള്ള നിർദ്ദേശം നൽകുന്നു.

9. അടിസ്ഥാന സൗകര്യങ്ങൾ: സ്പോട്ട് ബുക്കിംഗ് കൗണ്ടറുകളിൽ ആവശ്യമായ സിവിൽ, ഇലക്ട്രിക്കൽ, നെറ്റ്വർക്ക്/ഇന്റർനെറ്റ് സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ SDP, എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ) നിർദ്ദേശം നൽകുന്നു.

10. ഹാർഡ്‌വെയർ സജ്ജീകരണം: സ്പോട്ട് ബുക്കിംഗ് സെന്ററുകളിലേക്ക് ആവശ്യമായ ലാപ്ടോപ്പുകൾ, പ്രിന്ററുകൾ എന്നിവ എത്തിക്കുന്നതിനുള്ള വാഹനസൗകര്യം ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

11. സൂക്ഷിപ്പും തിരികെ ഏൽപ്പിക്കലും: നൽകുന്ന സാങ്കേതിക ഉപകരണങ്ങൾ കൃത്യമായി സ്വീകരിക്കുന്നതിനും, മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് ശേഷം അവ തിരികെ ഏൽപ്പിക്കുന്നതിനും അതാത് അഡ്മിനിസ്ട്രേറ്റിവ് ഓഫീസർമാർക്കും മുണ്ടക്കയം അസിസ്റ്റന്റ് കമ്മീഷണർക്കും നിർദ്ദേശം നൽകുന്നു.

12. പമ്പ സ്പോട്ട് ബുക്കിംഗ് ഒഴിവാക്കാൻ കോടതി ഉത്തരവ് ആയിട്ടുള്ളതാണ്. ആയതിനാൽ പമ്പയിലെ സ്പോട്ട് ബുക്കിംഗ് ഒഴിവാക്കി അത് നിലയ്ക്കലിലേക്ക് മാറ്റുവാൻ അനുവദിക്കുന്നു.

13. വിർച്വൽ ക്യൂ ബുക്ക്ചെയ്യുമ്പോൾ നിലവിൽ നിർബന്ധിതമല്ലാതെ പിൽഗ്രിം റിലീഫ് ഫണ്ടിലേക്ക് ഈടാക്കുന്ന 5 രൂപയ്ക്കു പകരം ടോയ്‌ലറ്റുകളും കുളിക്കുന്നതിനുള്ള സൗകര്യവും ഭക്തർക്ക് സൗജന്യമായി നൽകുന്നത് തീരുമാനിക്കുമ്പോൾ ഇവയുടെ ക്ലീനിംഗിനായി ചെലവാക്കുന്നതിനു ഒരു പ്രത്യേക നിധി രൂപികരിക്കുന്നതിന്റെ ഭാഗമായി മിനിമം 5 രൂപയും കൂടുതൽ എത്ര രൂപ വേണമെങ്കിലും ഭക്തർക്ക് സ്വമേധയാ നൽകാൻ കഴിയുന്ന രീതിയിൽ പെയ്മെന്റ് സജ്ജീകരിക്കുന്നതിനും അനുവദിക്കുന്നു.

14. ഇപ്രകാരം രൂപീകരിക്കുന്ന തുകയിൽ 5 രൂപ പിൽഗ്രിം റിലീഫ് ഫണ്ടിലേയ്ക്കും ശേഷം ബാക്കി തുക ജനറൽ ഫണ്ടിലേയ്ക്കും ക്രെഡിറ്റ് ചെയ്യുന്നതിന് അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
ഡിജിറ്റൈസേഷൻ

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ
3) എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ (SDP, കോട്ടയം, ഇലക്ട്രിക്കൽ)

5) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മുണ്ടക്കയം
6) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പമ്പ, നിലയ്ക്കൽ, എരുമേലി)
7) ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിനായി)
7) സെക്ഷൻ ഫയൽ
8) ഫയൽ ബുക്ക്
9) ഓഫീസ് കോപ്പി